To FMIS
PRO


# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.04.12.2018.

### കേരളത്തിലെ പക്ഷി വൈവിധ്യം: പോസ്റ്ററുകൾ പ്രകാശനം ചെയ്തു.

കേരളത്തിലെ പക്ഷി വൈവിധ്യത്തെ അധികരിച്ച് വനംവകുപ്പ്, കാർഷിക സർവ്വകലാശാല, ബേഡ്സ് കൗണ്ട് ഇന്ത്യ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തയ്യാറാക്കിയ പോസ്റ്ററുകളുടെ പ്രകാശനം വനം വകുപ്പുമന്ത്രി അഡ്വ. കെ. രാജു നിർവ്വഹിച്ചു. പക്ഷി നിരീക്ഷണത്തിന്റേയും പഠനത്തിന്റെയും പ്രസക്തി വർദ്ധിച്ചുവരുന്ന കാലഘട്ടമാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു. പ്രകൃതിയുടെ സംന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ പ്രകൃതിയിലെ സൂക്ഷ്മ ജീവജാലങ്ങൾക്കുപോലും പ്രത്യേക പങ്ക് നിർവ്വഹിക്കാനുണ്ട്. കേരളത്തിലെ എല്ലാ മേഖലകളിലും കാണപ്പെടുന്ന പക്ഷികളെ സംബന്ധിച്ച വിശദമായ ഡേറ്റാ ബേസ് തയ്യാറാക്കി വരികയാണ്. വനം വകുപ്പിന്റേയും, മറ്റു സർക്കാർ - സർക്കാരേതര സ്ഥാപനങ്ങളുടെയും വിവിധ ഏജൻസികളുടെയും പക്ഷി നിരീക്ഷകരുടെയും സഹകരണത്തോടെ ഈ രംഗത്ത് കേരളത്തിന് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷി വൈവിധ്യത്തെ സംബന്ധിച്ച പോസ്റ്ററുകൾ തയ്യാറാക്കിയതിൽ കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്നും വനം മന്ത്രി പറഞ്ഞു.

കാർഷിക സർവ്വകലാശാല വന്യജീവി വിഭാഗം മേധാവി ഡോ. പി. ഒ. നമീർ സ്വാഗതം ആശംസിച്ച ചടങ്ങിൽ ചടങ്ങിൽ സംസ്ഥാന ജൈവവൈവിദ്ധ്യബോർഡ് ചെയർമാൻ ഡോ. എസ്.സി. ജോഷി മുഖ്യാതിഥിയായി. ബേഡ്സ് കൗണ്ട് ഇന്ത്യ പ്രതിനിധി പ്രവീൺ ജെ. ആമുഖപ്രഭാഷണം നടത്തി.

കേരളത്തിലെ ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ വിജയമായ പക്ഷികളുടെ എണ്ണം, ഇനം, പ്രത്യേകതകൾ, മറ്റു വൈവിധ്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയാണ് ബഹുവർണ്ണ പോസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളത്. തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി വേൾഡ് വൈഡ് ഫണ്ട് സീനിയർ എജ്യൂക്കേഷൻ ഓഫീസർ ശിവകുമാർ, കളമശ്ശേരി നഗരസഭയ്ക്കുവേണ്ടി പോളി കളമശ്ശേരി, മാടായി പഞ്ചായത്തിനുവേണ്ടി ഡോ. ജയൻ തോമസ്, കുമ്പള പഞ്ചായത്ത് പ്രസിഡന്റ് പുണ്ടരികാക്ഷ കെ.എൽ., നിലമ്പൂർ നഗരസഭയ്ക്കുവേണ്ടി പുഷ്പ പുളിയിലശ്ശേരി, തിരുവല്ല നഗരസഭാ അദ്ധ്യക്ഷൻ ചെറിയാൻ പോളച്ചിറയ്ക്കൽ, കാക്കൂർ പഞ്ചായത്ത് പ്രസിഡന്റ് ജമീല കെ., പാറത്തോട് പഞ്ചായത്ത് പ്രസിഡന്റ് ജയാ ജേക്കബ്, കുളത്തൂപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് പി. ലൈലാ ബീവി, വൈത്തിരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗോപി എന്നിവർ വനം മന്ത്രിയിൽ നിന്നും പോസ്റ്ററുകൾ ഏറ്റുവാങ്ങി.

വനം വകുപ്പാസ്ഥാനത്തെ വനശ്രീ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ബയോഡൈവേഴ്സിറ്റി സെൽ അഡീ. പി.സി.സി.എഫ്.പത്മ മഹന്തി ആശംസകളർപ്പിച്ചു. വേൾഡ് വൈഡ് ഫണ്ട് ഡയറക്ടർ രാജൻ മാത്യുവർഗീസ് ചടങ്ങിന് നന്ദി പറഞ്ഞു.

4/12/18


ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ


FIBPR-55